**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**
**Hazrat Khalifathullah Munir Ahmad Azim (A)**
**30 December 2016 (29 Rabi-'ul-Awwal 1438 Hijira)**

# END OF YEAR CELEBRATIONS / വർഷവസാനാഘോഷങ്ങൾ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം **വർഷവസാനാഘോഷങ്ങൾ** എന്ന വിഷയത്തെ ആസ്പദമാക്കി തന്റെ വെള്ളിയാഴ്ച ഖുത്തുബ ആരംഭിച്ചു.

2016 ലെ അവസാനത്തെ വെള്ളിയാഴ്ച ഖുത്തുബയാണിത്. പതിവ് പോലെ എന്റെ ഉത്തരവാദിത്വമാണ്, ജനങ്ങളെ പ്രത്യേകിച്ച് മുസ്ലിംകളെ ബോധവത്ക്കരിക്കുക എന്നത്. അവർ നടത്തുന്ന അമിതത്വങ്ങളെയും, നൂതനാചാരങ്ങളെയും, അത് അവരുടെ ജീവിതത്തിൽ ഒരിളങ്കാറ്റുപോലെ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അത് അവരെ അനിസ്ലാമിക ആചാരങ്ങളിലേക്ക് പങ്കുകൊള്ളുവാൻ വലിച്ചിഴയ്ക്കുകയാണ്.

പുതുവർഷഘോഷം എന്ന നിലയിൽ ഹോട്ടലുകളിലും മറ്റിടങ്ങളിലും എല്ലാവിധ പരിപാടികളും ആസ്ത്രുണം ചെയ്യുക എന്നത് വലിയ കാര്യമായി അവർ കരുതുന്നു. വർഷാവസാന പരിപാടികൾ എന്ന നിലയിൽ, വളരെയധികം ആളുകളെ ഇതിലേക്ക് ആകർഷിക്കുന്നതിനായി, ടെലിവിഷൻ പ്രക്ഷേപണം ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നു. ടെലിവിഷനിലെ അനേകം ചാനലുകളിലൂടെ വളരെ വലിയ പരസ്യപ്രക്ഷേപണങ്ങൾ നടത്തുന്നുണ്ട്. വർഷാവസാന മാസത്തിലും, വർഷാരംഭമാസത്തിലും അനേകം ഓഫറുകൾ ഉള്ളതായി, അങ്ങനെ വ്യാപാരം കൊഴുപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമായും പുതുവർഷാഘോഷം മാറുന്നു. അനേകം ആകർഷകമായ സമ്മാനങ്ങൾ നല്കിക്കൊണ്ട് വിവിധ ഭാഷകളിൽ നൃത്ത മത്സരങ്ങളും, ഗാനമത്സരങ്ങളും , റെക്കോർഡ് ചെയ്ത പോപ്പ് സംഗീതത്തിനനുസരിച്ച് വർണ്ണശമ്പളമായ വെളിച്ചത്തിൽ ആളുകൾ നൃത്തംചെയ്യുന്ന സൽക്കാര സ്ഥലങ്ങളും, സിനിമശാലകളും, നാടകശാലകളും മറ്റു ടെലിവിഷൻ ചാനലുകളും ആവിഷ്കരിക്കുന്നു. അനേകം ആളുകൾ ഇതിൽ പങ്കെടുക്കുവാൻ മുന്നോട്ടു വരുന്നു. മാത്രമല്ല എല്ലാവിധ ചൂതാട്ടങ്ങളും അരങ്ങേറുന്നു.

ഇതോടനുബന്ധിച്ച് ഇസ്ലാമിക സംഗീതമേളകളും മറ്റും നടത്തപ്പെടുന്നതു കാണുമ്പോൾ അപമാനത്താൽ മുഖം കുനിയുന്നു. സിനിമാ ശാലകളിൽ പുതുസിനിമകൾ അരങ്ങേറുന്നു. താരങ്ങളുടെ പോസ്റ്റുകൾ കൊണ്ട് സ്ഥലം നിറയുന്നു. അത്തരം സിനിമാശാലകളിൽ സിനിമ കാണുന്നതിനായി ടിക്കറ്റു വാങ്ങുവാനായി എത്ര നേരം ക്യൂവിൽ നില്ക്കുന്നതിനും അവർക്കും അവരുടെ കുടുംബാദികൾക്കും യാതൊരു ബുദ്ധിമുട്ടുമില്ല.

ഈ ഉന്മാദങ്ങളിൽ വ്യാപരിക്കാൻ സ്ത്രീകൾക്ക് വളരെ താത്പര്യം കാണുന്നു എന്നത് വളരെ ദൗർഭാഗ്യകരമാണ്. വിശിഷ്യാ മുസ്ലീം സ്ത്രീകൾ, അവർ ജമാഅത്തായ നമസ്ക്കാരങ്ങളിൽ നിന്നും തടയപ്പെട്ടവരാണ്, വെള്ളിയാഴ്ച നമസ്ക്കാരങ്ങളിൽ നിന്നും തടയപ്പെട്ടവരാണവർ ! വ്രതാനുഷ്ഠാനശേഷമുള്ള പെരുന്നാൾ നമസ്ക്കാരങ്ങളിൽ നിന്നും തടയപ്പെട്ടരാണവർ, ബലിപ്പെരുന്നാൾ ദിനത്തിലെ പ്രാർത്ഥനകളിൽ നിന്നും തടയപ്പെട്ടരാണവർ ! അതു പുരുഷനാകട്ടെ സ്ത്രീ ആകട്ടെ ഖുത്തുബ കേൾക്കുവാനുള്ള അവകാശത്തിൽ നിന്നും തടയപ്പെട്ടരാണവർ ! മുസ്ലീം സ്ത്രീകളും പെൺകുട്ടികളും സാത്താനിലേക്ക് നയിക്കപ്പെടുന്ന വാതിലിലാണ് അവർ മുറുകെ പിടിച്ചിരിക്കുന്നത്. അവിടെ അവർക്ക് സാത്താൻ എല്ലാം അലങ്കൃതമാക്കി കാണിച്ചു കൊടുത്തിരിക്കുന്നു. അതുകൊണ്ട് അവരെ അല്ലാഹുവിൽ നിന്നും അവന്റെ ദൂതന്മാരിൽ നിന്നും അകറ്റി നിർത്തുവാൻ അവന് കഴിഞ്ഞു. ഈ മുല്ലാക്കളുടെ അഭിപ്രായ പ്രകാരം പള്ളികളിലെ വാതിൽ ഈ സ്ത്രീകൾക്ക് നിഷ്ബദ്ധമാണ്. എന്നാൽ സാത്താനിക ആകർഷങ്ങളെല്ലാം, അവർ മുറുകെ പിടിച്ചിരിക്കുന്നു, അതവർക്ക് അനുവദിനീയവുമാക്കിയിരിക്കുന്നു. ആ വാതിൽ അവരെ എങ്ങോട്ടാണ് നയിക്കുന്നത് ? സ്വർഗ്ഗത്തിലേക്കോ ! അതോ നരകത്തിലെക്കോ ?

സ്ത്രീകൾക്ക് വളരെയധികം ബഹുമാനം നല്കുന്ന മതമാണ് ഇസ്ലാം. അവരെ സംരക്ഷിക്കുവാൻ ഇസ്ലാം നമ്മെ പഠിപ്പിക്കുന്നു. പർദ്ദ ധരിക്കുവാനും അത് കല്പിക്കുന്നു. ഇസ്ലാമിക പരിപാടികൾ സ്ത്രീകൾ ആസൂത്രണം ചെയ്യുമ്പോൾ, ദേശീയ ടെലിവിഷൻ ചാനലുകളെയും മറ്റും ക്ഷണിക്കുന്നത് ഇസ്ലാമിക അധ്യാപനങ്ങൾക്ക് തീർത്തും വിരുദ്ധമാണ്. കാരണം അവർ അത് വീഡിയോയിലൂടെയും പരിപാടികളിലൂടെയും പ്രക്ഷേപണം ചെയ്യുമ്പോൾ കാണാൻ അനുവദിക്കപ്പെടാത്തവരുടെ വീക്ഷണത്തിന് അത് വിഷയീഭവിക്കുന്നു.

സ്ത്രീകൾക്ക് ഇസ്ലാമിക പരിപാടികൾ ആസ്ത്രൂണം ചെയ്യുവാനും അത് അവർക്കിടയിൽ നടപ്പിലാക്കുവാനുമുള്ള അവകാശമുണ്ട്. അവർ സംഘടിപ്പിക്കുന്ന ഇസ്ലാമിക പരിപാടികളിൽ പുരുഷന്മാരെ ക്ഷണിക്കേണ്ടതില്ല. നിങ്ങൾ സംഘടിപ്പിക്കുന്ന ഇസ്ലാമിക പരിപാടി, ദൈവപ്രീതി കരസ്ഥമാക്കുന്നതിനു വേണ്ടി മാത്രമാണ്. പർദ്ദ ഇല്ലാതെ സ്ത്രീകളെയും പെൺകുട്ടികളെയും പുറത്തുകൊണ്ടുവരുവാൻ പ്രേരിപ്പിക്കുന്ന ഒരു പ്രദർശനമാക്കി മാറ്ററുത്. അതിലൂടെ അനുവദനീയമല്ലാത്തവരുടെ നോട്ടത്തിനും ആകർഷണത്തിനും ഇടയാക്കുകയുമരുത്. അത് ഇസ്ലാമികമല്ല. പാരത്രിക ജീവിതത്തിൽ നമുക്ക് പ്രയോജനം ലഭ്യമാകണമെങ്കിൽ നാം യഥാർത്ഥത്തിൽ വളരെ മുൻകരുതലുകൾ എടുക്കേണ്ടതാണ്.ഇസ്ലാമിക ആഘോഷവേളകളിൽ / അഥവാ പരിപാടികളിൽ നാം മുസ്ലീം സ്ത്രീകളെ ഉപദേശിക്കുകയാണ്, നല്ല നിലയിൽ വസ്ത്രം ധരിക്കുവാൻ, കാരണം അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഒരു മുസ്ലിം സ്ത്രീ അവളുടെ തലമുടി, ചെവികൾ, മാറ് അല്ലെങ്കിൽ ശരീരത്തിന്റെ മറ്റതര ഭാഗങ്ങൾ മറ്റുള്ളവർ കാണത്തക്ക നിലയിൽ വസ്ത്രധാരണം ചെയ്യുവാൻ അവർക്കാവകാശമില്ല. ഇത് ഇസ്ലാമിൽ തടയപ്പെട്ട കാര്യമാണ്. വിശിഷ്യാ വർഷാവസാന ആഘോഷങ്ങളിലും, വർഷാരംഭ ആഘോഷങ്ങളിലും ! വലിയ ആഘോഷങ്ങളിൽ കുടുംബസമേതം പങ്കെടുക്കുന്ന മുസ്ലീം കുടുംബങ്ങളുണ്ട്, എല്ലാവിധ വിഭവങ്ങളുമായി അത് വീട്ടിലാകാം, കടൽ തീരങ്ങളിലാകാം, പണക്കാർക്ക്, പ്രസ്തുത ആഘോഷം ഹോട്ടലുകളിലുമാകാം. ഇതു സംബന്ധമായി ഞാൻ ഒരു കാര്യം വ്യക്തമാക്കുകയാണ്. ഹോട്ടലുകളിൽ കുടുംബസമേതം പോകുന്നത് ഒരു പാപമൊന്നുമല്ല. എന്നാൽ വർഷാവസാന, വർഷാരംഭ ആഘോഷങ്ങൾക്കായി ഹോട്ടലുകളിൽ വളരെയധികം ധനം ചെലവഴിക്കുന്ന ഒരു സമീപനം തന്നെ നമ്മെ പിടികൂടിയിരിക്കുന്നു. അത് ഒരു ആചാരമായി മാറിയിരിക്കുന്നു. എന്നാൽ ഇത് നല്ലതല്ല. ഹോട്ടലുകളിൽ പോകുന്നത് പാപമൊന്നുമല്ല ; എന്നാൽ അവിടെ അരങ്ങേറുന്ന (അനിസ്ലാമിക കാര്യങ്ങൾ നൃത്തങ്ങൾ, സംഗീത വിരുന്നുകൾ തുടങ്ങിയവ ഹോട്ടലുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്) അവയ്ക്കല്ലാതെ മറ്റു കാര്യങ്ങൾക്ക് പോകാവുന്നതാണ്. പണി എടുക്കുന്ന അനേകർക്ക്, പുതുവർഷാരംഭാഘോഷത്തിന് അവധി നല്കാറുണ്ട്, അതുകൊണ്ട് തന്നെ അവർക്ക് തിമിർത്താഹ്ളാദിക്കുവാൻ അവസരവും ലഭിക്കുന്നു. ഹോളിവുഡ്ഡ് സിനിമകളും, ബോളിവുഡ്ഡ് സിനിമകളും, അി അവർക്ക് ആഹ്ലാളാദിക്കുവാൻ അവസരവും ലഭിക്കുന്നു.

ഇത്തരം നടപടികളിൽ മുസ്ലീം സ്ത്രീ, പുരുഷന്മാർ അകപ്പെട്ടത് വളരെ ദൗർഭാഗ്യകരം തന്നെ. അവർ ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളെക്കാൾ മറ്റുള്ളവരുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും അനുകരിക്കുന്നതിനാണ് മുൻഗണന നല്കുന്നത്. മറ്റുള്ളവരുടെ ആചാരനുഷ്ഠാനങ്ങളെ പിന്തുടരുന്നതിലൂടെ അവരുടെ അധ്യാപനങ്ങളെ ചവിട്ടിമെതിക്കുകയാണ്. ഇസ്ലാമിക് ഗാന മേളകളിലേക്ക് അവർ വളരെ വലിയ അറിയിപ്പുകൾ നല്കി ജനങ്ങളെ ക്ഷണിക്കുകയാണ്. ഒരു വർഷമുണ്ടായിരുന്നു ; എന്റെ ഓർമ്മ ശരിയാണെങ്കിൽ 3 വർഷങ്ങൾക്ക് മുൻപ് ഒരു ഇസ്ലലാമിക് ഗാനമേള **ബെല്ലി ഡാൻസിംഗ്** എന്ന തലകെട്ടോടുകൂടി സംഘടിപ്പിച്ചതായി ഓർക്കുന്നു. അറബി ഗാനമേളകൾ ഇസ്ലാം അനുവദിക്കുന്നില്ല (**അറബി സംസ്ക്കാരം ഒരിക്കലും ഇസ്ലാമിക സംസ്ക്കാരമല്ല എന്ന് മനസ്സിലാക്കുക**) കാരണം അത് മ്യൂസിക്കുമായി ബന്ധിതമാണ്. ഇത് തികച്ചും ഹറാമാണ്. അറബിയായി ജനിച്ച കാരണത്താൽ അവൻ മുസ്ലീമാണ് എന്നർത്ഥമാക്കരുത്. **അറബിയായി ഒരു മുസ്ലീം അറബിഭാഷ പഠിക്കുവാൻ പരിശ്രമിക്കുകയും, നമസ്ക്കാരത്തിൽ അവൻ അത് പാരായണം ചെയ്യുകയും, ഖുർആൻ ഓതുകയും ചെയ്യുന്നവൻ, അറബിഭാഷ അറിയാവുന്ന അറബി, ഖുർആന്റെ കല്പനകൾ ശ്രദ്ധിക്കാതിരിക്കുകയും, സുന്നത്തിനെ മാനിക്കാതിരിക്കുകയും, മറ്റു ഇസ്ലാമിക അദ്ധ്യാപനങ്ങൾ പരിഗണിക്കാതിരിക്കുന്നവനെക്കാളും എത്രയോ സമുന്നതനാണ് !** ഒരു അറബി രാജ്യത്തു നിന്ന് ഒരു വ്യക്തി ഗാനമേള സംഘടിപ്പിക്കുകയാണെങ്കിൽ, അത്തരം മേള അനുവദനീയമാണ് എന്ന് കരുതരുത്. ആ വ്യക്തി പറയുകയാണെങ്കിൽ പോലും / സ്തുതിപാട്ടുകൾ പാടുകയാണെങ്കിൽപോലും, അത് അനുവദനിയമാണ് എന്ന് ധരിക്കരുത് ! അവൻ മ്യൂസിക്കുമായി അതിനെ ബന്ധിപ്പിക്കുന്നു ; നൃത്തവുമായി അതിനെ ബന്ധിപ്പിക്കുന്നു ; കാരണം ഇത് ആത്മീയ പുരോഗതിയ്ക്കു യോജ്യമല്ല. ഇത് വെറും വിനോദവും പൈശാചിക വിനോദവും മാത്രമാണ്. കവിതകൾ, ഖസീദ, ഗാനം (കവിതാപാരായണം / സ്തുതിഗീതങ്ങൾ) ഏതു ഭാഷയിലും അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും ആദരിച്ചുകൊണ്ട് നടത്താവുന്നതാണ് ; എന്നാൽ അതിൽ മ്യൂസികിന്റെയും നൃത്തത്തിന്റെയും കടന്നുകയറ്റം ഉണ്ടാകരുത്; അപ്പോൾ അത് യൂറോപ്യൻ രാജ്യങ്ങളുടെ വിനോദമായി മാറുകയാണ്. ഇത്തരം സ്ഥലങ്ങളിൽ, അവർ നടത്തുന്ന ഇസ്ലാമിക് ഗാനമേളകളിൽ, നൃത്ത സന്ധ്യകളിൽ, നിങ്ങളുടെ സാന്നിദ്ധ്യം ഉണ്ടാകരുത്. ഇത് സംഘടിപ്പിക്കുന്നവരെ ഞാൻ ഉത്ബോധിപ്പിക്കട്ടെ, നിങ്ങൾ ദയവായി അല്ലാഹുവിനോടും അവന്റെ ദൂതനോടുമുള്ള നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുക. ; നിങ്ങൾ നിഷിദ്ധിമായ കാര്യങ്ങളാണ് ഇസ്ലാമിന്റെ പേരിൽ ചെയ്തുകൊണ്ടിരിക്കുന്നത്. ആത്മീയ പരിപാടികൾ സംഘടിപ്പിച്ച്, എന്നിട്ടതിനെ സംഗീത വിരുന്നായി രൂപന്തരപ്പെടുത്തുന്ന നടപടി നിർത്തേണ്ടതാണ് !

ആത്മീയ പരിപാടി തികച്ചും അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രമുള്ളതായിരിക്കണം. അവയോട് നിഷിദ്ധ കാര്യങ്ങൾ കൂട്ടികുഴയ്ക്കരുത്. അപ്പോൾ തീർച്ചയായും അതിൽ നിങ്ങൾ പുരോഗതി നേടും. **അല്ലാഹുവിനോടും അവന്റെ പ്രവാചകനോടുമുള്ള സ്നേഹത്തിനായി, അതിൽ യാതൊരു വിധ അധികപ്പറ്റുകളും ചേർക്കരുത്.** ഇത്തരം ആളുകൾ സ്നേഹത്തിന്റെ പേരിൽ മ്യൂസിക്കും, പാട്ടും, നൃത്തവും അതിൽ ചേർക്കുന്നു. ഇതൊക്കെ നിഷിദ്ധങ്ങളായ കാര്യങ്ങളാണ്. ഇവയൊന്നും ആത്മീയതയ്ക്ക് ഭൂഷണമല്ല. അതിനാൽ നിങ്ങൾ ജാഗ്രതയിലാരിക്കുക.

നിങ്ങൾ ഉത്തരവാദിത്വമുള്ളവരായിരിക്കുക. അല്ലാഹുവും അവന്റെ റസൂലുമായി ബന്ധം സ്ഥാപിച്ചിട്ടുള്ളവരുടെ ഉപദേശങ്ങൾ ഈ കാര്യത്തിൽ സ്വീകരിക്കുക. ശരീഅത്തിൽ നിന്നും വഴിമാറി പോകുന്ന ഹറാമായ കാര്യങ്ങൾ നിങ്ങൾ സംഘടിപ്പിക്കരുത് ! ഈ പറയപ്പെടുന്ന ഇസ്ലാമിക സംഗീത പരിപാടികൾക്ക് അല്ലാഹുവിനെയോ അവന്റെ പ്രവാചകൻ (സ) നെയോ ആദരിക്കുവാൻ കഴിയുന്നിതല്ല. ഈ സംഗതികൾക്ക് / സംഗീത പരിപാടികൾക്ക് പുതുതലമുറയെ ശുദ്ധീകരിക്കുവാൻ കഴിയുകയില്ല. ഇതോടെ അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും അവർ ചാടിവീഴും എന്നും കരുതാവുന്നതല്ല.

ഇത്തരം പരിപാടികൾ ആസ്ത്രൂണം ചെയ്യുന്നതിന് മുൻപ് നന്നായി ആലോചിക്കുക ! നിങ്ങൾ മനസ്സിലാക്കണം നിങ്ങൾ ചെയ്യുന്ന എല്ലാ പ്രവർത്തിയുടെയും കണക്ക് നിങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ ഹാജരാകേണ്ടി വരും. വിശിഷ്വാ ശരിയായ ആദരവ് നിങ്ങൾ അല്ലാഹുവിന്റെ മുൻപിൽ മാത്രമാണ് സമർപ്പിക്കേണ്ടി വരുന്നത് ! അല്ലാഹു മാത്രമാണ് മഹത്വം നല്കുന്നത് ! അല്ലാഹുവിന്റെ സൃഷ്ടികളിൽ നിന്ന് മഹത്വം തേടരുത്. ഇസ്ലാമിക ആശയങ്ങളെ ചവിട്ടി താഴ്ത്തിക്കൊണ്ട് ! നിങ്ങളുടെ യഥാർത്ഥ അധ്യാപനങ്ങളെ വർജ്ജിക്കരുത് ! അത് പ്രപഞ്ചത്തിൽ സൃഷ്ടിയുടെ ആരംഭം മുതൽ നിലനില്ക്കുന്നതാണ്. മറ്റു സംസ്ക്കാരങ്ങളുടെ നിലനില്പിനായി ഇവയെ കൈവിടരുത് !

ജനങ്ങളിലേക്ക് അല്ലാഹു ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട് അവർ വ്യക്തമായ തെളിവുകളുമായി വന്നിട്ടുണ്ട്. എന്നാൽ ജനം അവരുടെ ഭൗതിക നേട്ടത്തിനായുള്ള വഴികളാണ് തെരഞ്ഞെടുത്തത് ! **അല്ലാഹുവിനെയും അവന്റെ ദൂതന്മാരെയും സ്വീകരിക്കുന്നതിന് പകരം !** പ്രവാചകന്മാർ ദൈവീക സന്ദേശം നല്കുന്നതിനുള്ള എല്ലാ വഴികളും തുറന്നെങ്കിലും, ആ ആളുകൾ, അവരുടെ കാഠിന്യം നിമിത്തം അവർക്ക് കിട്ടിയ ഈ സന്ദേശം സ്വീകരിച്ചില്ല ;

അവർ ദൂതന്മാരെ തള്ളിപ്പറഞ്ഞു. അവർ ഇപ്രകാരം പറയുവാനും തയ്യാറായി. ഞങ്ങളുടെ മുൻഗാമികൾ പിന്തുടർന്നതിനെ ഉപേക്ഷിക്കുവാനാണോ നീ ഞങ്ങളോട് പറയുന്നത് ? ഈ **അജ്ഞന്മാർ കരുതുന്നത്, ഇവരിൽ നിന്ന് മഹത്വവും ബഹുമതിയും നേടാനാണ് ഈ ദൂതന്മാർ വന്നിരിക്കുന്നത് എന്നാണ്** (അതായത് ഈ ഭൗതിക ലോകത്ത്) അതുകൊണ്ട് ഈ ആളുകൾ പറയുന്നു ഞങ്ങൾ നിന്നിൽ വിശ്വസിക്കുന്നില്ല എന്ന്. അല്ലാഹു (ത) വിശുദ്ധ ഖുർആനിൽ പറയുന്നതുപോലെ ഇവരുടെ തെറ്റായ പ്രവർത്തനങ്ങളും പെരുമാറ്റവും കൊണ്ടാണ്, അവരുടെ ഹൃദയങ്ങളിൽ നാം സീൽ ചെയ്തത് ; അവർ എല്ലാ പരിധികളും ലംഘിച്ചവരാണ്. അവരെ തെറ്റായ പാതയിലേക്ക് വഴി നടത്തുന്ന കാര്യങ്ങളുമായി ബന്ധപ്പെടുവാനാണ് അവർ താത്പര്യപ്പെടുന്നത്. അത് അവരെ അല്ലാഹുവിന്റെ ക്രോധത്തിന് പാത്രമാക്കുന്നതുമാണ്. അവർ ആഗ്രഹിക്കുന്നത് ഈ വ്യർത്ഥമായ വിനോദങ്ങളെയാണ്. ഈ താത്ക്കാലിക ജീവിതത്തിലെ എല്ലാ വഴികളും **ഈ തെറ്റുകളിലൂടെ അവരണിയുന്നത്. വളരെ വലിയ വിലാപ വസ്ത്രങ്ങൾ മാത്രമാണ് !** സൂറ : തൗബ പാരായണം ചെയ്യുക ! അല്ലാഹു (ത) എന്താണ് പറയുന്നതെന്ന് കാണുക. ഈ ദുർവൃത്തരായ ജനം ! അവർ ആണാകട്ടെ പെണ്ണാകട്ടെ അവർ പരസ്പരം സഹായികളാണ്. നിരോധിച്ച കാര്യം ചെയ്യുവാൻ കല്പിക്കുന്നു. അനുവദനീയമാക്കിയതിനെ നിഷിദ്ധിമാക്കുന്നു. അവരുടെ കരങ്ങൾ ബന്ധിതമാണ്. അതായത് അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നില്ല. വ്യർത്ഥമായ കാര്യങ്ങൾക്ക് അവരുടെ ധനം അവർ ചെലവഴിക്കുന്നു. അതിലൂടെ അവർ ഒരനുഗ്രഹവും ആർജ്ജീക്കുന്നില്ല. പൊതുവിൽ അവരുടെ ധനത്തിൽ അനുഗ്രഹങ്ങൾ ഉണ്ടാകുന്നില്ല. അവരുടെ വീട്ടിലും, അവരുടെ കുടുംബങ്ങളിലം, അവരുടെ ആരോഗ്യങ്ങളിലും ! അവർ അല്ലാഹുവിനെ വിസ്മരിച്ചിരിക്കുന്നു. അവർ അവരുടെ ഇച്ഛകൾക്ക് അഭീഷ്ഠങ്ങൾക്ക് മുൻഗണന നല്കിയിരിക്കുന്നു. അതുകൊണ്ട് തന്നെ അല്ലാഹുവും അവരെ പൂർണ്ണമായും വിസ്മരിച്ചിരിക്കുന്നു. അങ്ങനെ അല്ലാഹു അവരെ വിസ്മരിക്കുമ്പോൾ (അതായത് അവരെ ശ്രദ്ധിക്കാതിരിക്കുക, അവന്റെ സ്മരണയിൽ നിന്നും വിദൂരമാക്കുക) അപ്പോൾ തീർച്ചയായും, പിന്നെ അവർ നേർപാതയിലായിരിക്കില്ല അങ്ങനെ അവർ തെറ്റായ പാതയിൽ ആയി തീരുന്നു. ആ പാതയിൽ അവർ സംതൃപ്തരുമായിരിക്കും. അല്ലാഹു (ത) പറയുന്നു.

അവരുടെ മേലാണ് അല്ലാഹുവിന്റെ ശാപം ! **അവരുടെ മേൽ അവസാനിക്കാത്ത ശിക്ഷയും!** അല്ലാഹു (ത) വിശുദ്ധഖുർആനിൽ വീണ്ടും പറയുന്നു. **മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് ഇവർക്ക് നോക്കിക്കാണാമായിരുന്നു.**

**അവർ ഇവരെക്കാൾ എണ്ണത്തിൽ കൂടുതലും, ശക്തിയിലും കൂടുതലായിരുന്നു. ഭൂമിയിൽ (അവർ വിട്ടുപോയ) സ്മാരകങ്ങളിലും, കൂടുതൽ പ്രബലരുമായിരുന്നു. എന്നാൽ അവർ സമ്പാദിച്ചു കൊണ്ടിരുന്നത് അവർക്ക് ഉപകരിച്ചില്ല 40 : 83 അല്ലാഹു (ത) പറയുന്നു. നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിച്ചിട്ടില്ലേ ? നിങ്ങളുടെ മുൻഗാമികൾ എങ്ങനെയാണ് ജീവിച്ചിരുന്നതെന്ന് ! നിങ്ങളെക്കാൾ അവർ ശക്തരായിരുന്നു. നിങ്ങളെക്കാൾ അവർക്ക് ധനവും ഉണ്ടായിരുന്നു. സന്താനങ്ങളുമുണ്ടായിരുന്നു. (അതെല്ലാം പോയില്ലേ?) മുൻഗാമികൾക്ക് ലഭിച്ചതുപോലെ നിങ്ങളുടെ വിഹിതം ശിക്ഷ നിങ്ങൾക്കും ലഭിച്ചിരിക്കുകയാണ്. അവരെപോലെ, നിങ്ങളും വഴികേടിൽ മുന്നേറിയിരിക്കുന്നു. അത്തരം ആളുകൾക്ക്, അവരുടെ ഭൂമിയിലെ പ്രവർത്തനവും ജീവിതവും വ്യഥാവിലാവുകയാണ്. അവർ തന്നെയാണ് നഷ്ടകാരികൾ !**

ആയതിനാൽ ഹേ ! മുസ്ലിംകളെ ! നിങ്ങളുടെ മഹത്വവും മേന്മയും എന്താണെന്ന് നിങ്ങൾ തിരിച്ചറിയണം. ആയതിനാൽ നിങ്ങൾ വർഷാവസാനഘോഷങ്ങളിൽ അനിസ്ലാമിക ആഘോഷങ്ങളിൽ പങ്കു ചേരാതിരിക്കുന്ന്താണ് നിങ്ങൾക്ക് നല്ലത് ! ഈ ആഘോഷങ്ങൾ പിശാച് ബോധനം നല്കുന്നതാണ്. എന്റെ സന്ദേശം നല്ലതുപോലെ മനസ്സിലാക്കുകയും ഉൾകൊള്ളുകയും ചെയ്യുക. ഇത്തരം പ്രവർത്തികൾ അല്ലാഹുവിന്റെ ക്രോധത്തെ വലിച്ചു കൊണ്ടുവരുന്നതാണ്. ഞാൻ പ്രാർത്ഥിക്കുന്നു - നാം മുസ്ലിംകൾ - എങ്കിലും ഈ ദൈവ ക്രോധപ്രകടനത്തിൽ നിന്നും അകന്നു നില്ക്കുക. ആമീൻ


**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**